പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2187 — 6.2.2019 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാർക്കുള്ള സ്വയം തൊഴിൽ

ചോദ്യം

മറുപടി

ശ്രീ.കെ.സുരേഷ് കുറുപ്പ്

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായകരമായ എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പുതിയതായി "ആശ്വാസം" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) ഈടുവച്ച് ലോൺ എടുക്കാൻ കഴിയാത്ത നിർദ്ധനരായ ഭിന്നശേഷിക്കാർക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 25000/- രൂപ വരെ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ധനസഹായം നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ 40%-ൽ കൂടുതൽ ഭിന്നശേഷിത്വമുള്ളവരും, 18 വയസ്സ് പൂർത്തിയാക്കിയവരും, ഈടുവെക്കാൻ വസ്തുവകകൾ ഇല്ലാത്തവരും, കോർപ്പറേഷനിൽ നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായമോ, സബ്സിഡിയോടു കൂടിയ വായ്പയോ ലഭിച്ചിട്ടില്ലാത്തവരും ആയിരിക്കണം. തീവ്ര ഭിന്നശേഷിത്വം ബാധിച്ചവർ, ഭിന്നശേഷിക്കാരായ വിധവകൾ, ഗുരുതര രോഗബാധിതരായ ഭിന്നശേഷിക്കാർ, 14 വയസ്സ് തികഞ്ഞ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾ എന്നിവർക്ക് മുൻഗണന ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ